LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടിവറപ്പു സമ്പ്രദായം ചെറുക്കുന്നതിലേയ്ക്കായി കാഷ്യൂ സ്പെഷ്യൽ ഓഫീസിൽ നിന്നും അനധികൃത സംസ്കരണ കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ നിർത്തി വയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും സാദ്ധ്യമായ കേന്ദ്രങ്ങളിൽ നിയമപ്രകാരം റെയ്ഡ്സ്വീഷർ എന്നിവ നടത്തി കോടതികളിൽ കേസ് ചാർജ് ചെയ്യുന്നുണ്ട്. 1967-ലെ Unregistered Cashew Nut Factories Prohibition Act അനുസരിച്ച് നിരവധി റെയ്ഡുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ പരിശോധനകൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ജോയിന്റ് ഇൻസ്പെക്ഷൻ ടീം ഉണ്ടാക്കി 7-1-2016 മുതൽ റെയിഡുകൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലും എറണാകുളം ജില്ലയുടെ ചില ഭാഗങ്ങളിലും അനധികൃത കശുവണ്ടി സംസ്കരണം വ്യാപകമാണ്. നിയമാനുസൃതമല്ലാത്തതിനാൽ ഇവയുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(സി) 1967-ലെ Unregistered Cashew Nut Factories Prohibition Act അനുസരിച്ച് നിരവധി റെയ്ഡുകൾ നടത്തിയിട്ടുണ്ട്. നിലവിൽ 7 മേജർ കേസ്സുകൾ കുടിവറപ്പ് നടത്തിയവർക്കെതിരെ കൊല്ലം ജില്ലയിലെ വിവിധ കോടതികളിൽ ഫയൽ ചെയ്യുകയും അതിൽ ഒരു കേസ് 29/08/2013-ൽ കുറ്റക്കാരനെതിരെ 6 മാസം തടവും 25000 രൂപ പിഴയും ഒടുക്കി വിധി വരുകയും മറ്റു കേസ്സുകൾ വിചാരണയുടെ ഘട്ടത്തിലുമാണ്.

(ഡി) കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ നിരവധി റെയ്ഡുകൾ നടത്തിയിട്ടുണ്ട്. കൂടാതെ പരിശോധനകൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള ജോയിന്റ് ഇൻസ്പെക്ഷൻ ടീം ഉണ്ടാക്കി 7-1-2016 മുതൽ റെയ്ഡുകൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്.

(ഇ) നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു.

വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് നടപടി

178 (563) ഡോ. ടി. എം. തോമസ് ഐസക്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. സാജു പോൾ:
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെ വ്യവസായ സ്ഥാപനങ്ങളുടെ പൊതുസ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുമേഖലയിലും സ്വകാര്യമേഖലയിലും വൻപുരോഗതി കൈവരിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങളിൽ പലതും പൂർണ്ണമായും അടച്ചുപൂട്ടപ്പെട്ടതും അടച്ചുപൂട്ടലിന്റെ ഘട്ടത്തിലേയ്ക്ക് എത്തപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇവയെ സംരക്ഷിച്ചു നിർത്തുന്നതിന് എന്തു നടപടി സ്വീകരിച്ചുവെന്നും സാദ്ധ്യമായില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തായിരുന്നു എന്നും വിശദമാക്കാമോ?

ഉത്തരം

(എ - സി) ഉണ്ട്.

വ്യവസായ വകുപ്പിന്റെ അധീനതയിൽ എറണാകുളത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പ്രവൃത്തിക്കുന്ന സ്ഥാപനങ്ങൾ നല്ല രീതിയിലാണ് പ്രവൃത്തിച്ചുവരുന്നത്. സിഡ്കോയുടെ കീഴിൽ ഇവിടെ പ്രവൃത്തിക്കുന്ന വ്യവസായ എസ്റ്റേറ്റുകളായ മുടിക്കൽ, അങ്കമാലി, വാഴക്കുളം സൗത്ത്, കോതമംഗലം, രായമംഗലം, പിറവം, ഇടത്തല എന്നിവിടങ്ങളിൽ 91 യൂണിറ്റുകൾ പ്രവൃത്തിക്കുന്നുണ്ട്. ഇവയിൽ 4 യൂണിറ്റുകൾ മാത്രമാണ് പ്രവർത്തന രഹിതമായിട്ടുള്ളത്.

കെ.എസ്.ഐ.ഡി.സി.-യുടെ സാമ്പത്തിക സഹായത്തോടെ പ്രവൃത്തിച്ചുവരുന്ന സ്ഥാപനങ്ങളും നല്ല രീതിയിൽ പ്രവൃത്തിച്ചുവരുന്നു.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കൈത്തറി ഡയറക്ടറേറ്റ്, ഖാദി & വില്ലേജ് വ്യവസായ ബോർഡ് എന്നിവിടങ്ങളിൽ നിന്നും വിവരം ശേഖരിച്ചു തരുന്നതാണ്.

വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ

179 (564) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലരും ശ്രമിക്കുന്നുവെങ്കിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമതടസ്സങ്ങളും സാങ്കേതിക ബുദ്ധിമുട്ടുകളും ഉദ്യോഗസ്ഥരുടെ നിസ്സഹകരണവുംമൂലം അതിനു കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിച്ചു എന്നു പറയാമോ;

(ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നിയമ തടസ്സങ്ങളും വിവിധ വകുപ്പുകളെ സംബന്ധിക്കുന്ന സാങ്കേതിക തടസ്സങ്ങളും ഒരു ഏകജാലക സംവിധാനത്തിലൂടെ പരിഹരിക്കുന്നതിനും ഇതിന്റെ നടപടികൾ മറ്റ് ഇടപെടലുകൾക്ക് സാദ്ധ്യതയില്ലാത്ത വിധം സുതാര്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly